കേരളത്തിൽതന്നെ പൂർത്തിയാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. ഇതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(സി) സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനുണ്ടാകുന്ന കാലതാമസം സംസ്ഥാന സർക്കാരിന്റെ ശ്രമഫലമായി ഇപ്പോൾ താരതമ്യേന കുറഞ്ഞിട്ടുണ്ട്. റൂട്ട്സിലെ പ്രാദേശിക സാക്ഷ്യപ്പെടുത്തൽ കേന്ദ്രത്തിൽനിന്നും ഒരു പ്രവൃത്തി ദിവസം 150 പേർക്ക് വരെ എച്ച്. ആർ. ഡി. അറ്റസ്റ്റേഷൻ നടത്തുന്നുണ്ട്. വിദേശ കാര്യ മന്ത്രാലയം, യു. എ. ഇ. എംബസ്സി എന്നിവയിൽ നിന്നും സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി മുംബൈയിലെ യു. എ. ഇ. കോൺസുലേറ്റ് വഴി സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.കേന്ദ്ര വിദേശകാര്യ മന്ത്രാലയം അറിയിച്ചതിൻപ്രകാരം സംസ്ഥാന വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സഹായത്താൽ എച്ച്. ആർ. ഡി. അറ്റസ്റ്റേഷൻ ജോലികൾ കേരളത്തിൽതന്നെ പൂർത്തിയാക്കുന്നതിനുള്ള സംവിധാനം നിലവിൽ വരുന്നതോടെ ഇപ്പോൾ ഉദ്യോഗാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ വലിയൊരളവുവരെ ഒഴിവാകുന്നതാണ്.

അറ്റസ്റ്റേഷനുവേണ്ടി മധ്യമേഖല, ഉത്തരമേഖല ഓഫീസുകൾ തുടങ്ങാൻ നടപടി

411 [2475] **ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തു ജോലിതേടിപോകുന്നവരുടെ യോഗ്യതാ സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യുന്നതിന് ഇപ്പോൾ സംസ്ഥാനത്ത് എവിടെയെല്ലാമാണ് സൗകര്യം ഒരുക്കിയിട്ടുള്ളത്;

(ബി) സംസ്ഥാനത്തിന്റെ മധ്യമേഖലയിലും ഉത്തരമേഖലയിലും ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്നു വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കേന്ദ്രങ്ങൾ എന്നുമുതൽ പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗൾഫ് രാജ്യങ്ങളിൽ ജോലിതേടിപോകുന്നവരുടെ വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യുന്നതിന് കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ ഒരു പ്രാദേശിക കേന്ദ്രം തിരുവനന്തപുരത്ത് 30-1-2004 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായി, തിരുവനന്തപുരത്ത് വഴുതക്കാട് സെന്റർ പ്ലാസയിൽ പ്രവർത്തിക്കുന്ന 'റൂട്ട്സ് എൻ. ആർ. കെ. ഡവലപ്പ്മെന്റ് ഇനിഷ്യേറ്റീവി'ലാണ് പ്രസ്തുത പ്രാദേശിക സാക്ഷ്യപ്പെടുത്തൽ കേന്ദ്രം പ്രവർത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി ആന്റ് സി) കോഴിക്കോട്ടും കൊച്ചിയിലും സാക്ഷ്യപ്പെടുത്തൽ കേന്ദ്രങ്ങൾ തുടങ്ങാൻ സർക്കാർ ആലോചിക്കുന്നുണ്ട്.

അറ്റസ്റ്റേഷൻ കേന്ദ്രത്തിലെ ടോക്കൺ സമ്പ്രദായം

412 [2476] ശ്രീ. കെ. എൻ. എ. ഖാദർ:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, ടി. പി. എം. സാഹിർ:
,, സി. മമ്മൂട്ടി:
,, ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യത്തിന് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നോർക്കയുടെ കീഴിലുള്ള സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ കേന്ദ്രത്തിൽ മുൻകൂർ ടോക്കൺ എടുത്തവർ വരാത്ത ഒഴിവുകളിലേക്ക് അറ്റസ്റ്റേഷന് അവസരം നൽകുന്നതിന്റെ മാനദണ്ഡം അറിയിക്കാമോ?

ഉത്തരം

മുൻകൂർ ടോക്കൺ എടുത്തവർ വരാത്ത ഒഴിവുകളിലേക്ക് യു. എ. ഇ.-യിലേക്കുള്ള തൊഴിൽ വിസ ലഭിച്ച് അടിയന്തിരമായി ജോലിയിൽ പ്രവേശിക്കേണ്ടവർക്കും എം. എൽ. എ. മാരുടേയോ എം. പി.-മാരുടേയോ കത്തുമായി വരുന്നവർക്കുമാണ് തങ്ങളുടെ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് അവസരം നൽകുന്നത്.

അറ്റസ്റ്റേഷൻ കേന്ദ്രത്തിൽ വ്യാജ വിസയും വ്യാജ ലെറ്റർഹെഡ്ഡും ഉപയോഗിച്ചതായ പരാതി

413 [2477] ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, കെ. എൻ. എ. ഖാദർ:
,, ടി. പി. എം. സാഹിർ:
,, സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ നോർക്കയുടെ അറ്റസ്റ്റേഷൻ കേന്ദ്രത്തിൽ വ്യാജ വിസയും എം. എൽ. എ. യുടെ വ്യാജ ലെറ്റർപാഡും ഉപയോഗിച്ചു നടത്തിയ ക്രമവിരുദ്ധ പ്രവർത്തനം സംബന്ധിച്ചുള്ള പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് പോലീസിൽ പരാതി നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത കേസ് ഏതുഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly